പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6289 | 31.10.2011ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി ജീവനക്കാർക്ക് പ്രോത്സാഹനം | |
| ചോദ്യം | ഉത്തരം |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>" അൻവർ സാദത്ത്<br>" എ.റ്റി. ജോർജ്<br>" ബെന്നി ബെഹനാൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി സ്ഥാപനങ്ങളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുളള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററാക്കി വികസിപ്പിക്കുന്നതിനുളള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുളള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 567 അംഗൻവാടി കേന്ദ്രങ്ങളിൽ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) അംഗൻവാടികളിൽ ആധുനിക വിവര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുമോ; | (ബി) ഇക്കാര്യം പരിശോധിച്ച ശേഷമേ തീരുമാനം കൈക്കൊളളാൻ സാധിക്കുകയുളളൂ. |
| (സി) അംഗൻവാടികളിലെ ജീവനക്കാർക്ക് പ്രോത്സാഹനങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ;<br>(ഡി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്? | (സി)യും(ഡി)യും അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടെയും സേവനത്തിന് മുൻതൂക്കം നൽകി അംഗീകരിച്ച് ആദരിക്കുന്നതിന്റെ ഭാഗമായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകി വരുന്നുണ്ട്. സംസ്ഥാന തലത്തിൽ 37 വർക്കർമാർക്കും 37 ഹെൽപ്പർമാർക്കുമാണ് അവാർഡുകൾ നൽകി വരുന്നത്. അംഗൻവാടി വർക്കർക്കുളള കേന്ദ്ര സർക്കാരിന്റെ ദേശീയ അവാർഡ് തുക 25,000/- രൂപയും സംസ്ഥാന തല അവാർഡ് തുക 5,000/- രൂപയും ഹെൽപ്പർമാർ ക്കുളള സംസ്ഥാന തല അവാർഡ് തുക 3,000/- രൂപയുമാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ

7